സർക്കാർ പദ്ധതികളുടെ പ്രചരണത്തിനായുള്ള പരസ്യം

89 (T1490) ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ സർക്കാർ പദ്ധതികളുടെ പ്രചരണത്തിനായി ആകെ എത്ര രൂകയുടെ പരസ്യം നൽകിയിട്ടുണ്ടെന്ന് വകുപ്പ് തിരിച്ച് വെളിപ്പെടുത്താമോ ;

(ബി) ഓരോ വർഷവും എത്ര രൂകയുടെ പരസ്യം നൽകിയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

സർക്കാരിന്റെ പത്രപ്രസിദ്ധീകരണം

90 (T1491) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സ്വന്തമായി പത്രം പ്രസിദ്ധീകരിക്കുവാൻ തീരുമാനമെടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) ദിനപത്രമായിട്ടാണോ പ്രതിവാര പത്രിക ആയാണോ പ്രസിദ്ധീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(സി) പത്രം ജനങ്ങൾക്ക് സൗജന്യമായി നൽകുവാനാണോ ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ ;

(ഡി) സൗജന്യമായാണു നൽകുന്നതെങ്കിൽ കേരളത്തിലെ എല്ലാ കുടുംബങ്ങളിലും പത്രം എത്തിക്കുവാൻ ഏതു മാർഗ്ഗമാണു സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ ;

(ഇ) എല്ലാ കുടുംബങ്ങൾക്കും സൗജന്യമായി ലഭ്യമാക്കുവാൻ എത്ര കോപ്പി പ്രസിദ്ധീകരിക്കേണ്ടിവരും എന്ന് വ്യക്തമാക്കുമോ ;

(എഫ്) ദിനപത്രമാണെങ്കിൽ പ്രതിദിനം എത്ര രൂക ചെലവഴിക്കേണ്ടി വരുമെന്നും പ്രതിവാര പത്രികയാണെങ്കിൽ ആഴ്ചതോറും എത്ര രൂക ഇതിനായി ചെലവഴിക്കേണ്ടി വരുമെന്നും കണക്കാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly